# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 321

23.06.2014-ലെ മറുപടിക്ക്

## ജയിലുകളിൽ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ വസ്തുക്കൾ

**ചോദ്യം**

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീ.ബി.സത്യൻ
ശ്രീ.വി.ശിവൻകുട്ടി

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ജയിലുകളോടനുബന്ധിച്ചുള്ള ഭക്ഷ്യവസ്തുക്കളുടെ ഉത്പാദന യൂണിറ്റുകൾ നിർത്തലാക്കാൻ നടക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | വിപണിയിൽ പ്രിയമായി മാറിയിരിക്കുന്ന ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം ശാസ്ത്രീയവും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | ജയിലുകളിൽ നിർമ്മിച്ച് വില്പന നടത്തിവരുന്ന ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ നൂതന ഉപകരണങ്ങൾ ഉപയോഗിച്ചാണ് നിർമ്മിച്ചുവരുന്നത്. |
| സി) | ഈ സംരംഭങ്ങളിലൂടെയുള്ള ജയിലുകളുടെ വരുമാനം സംബന്ധിച്ച് വിശദമാക്കാമോ; ആദ്യവർഷത്തെ ലാഭം എത്ര കോടിയായിരുന്നു; ഇപ്പോൾ എത്ര; വ്യക്തമാക്കാമോ? | സി) | ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷ്യവിഭവങ്ങളിൽ നിന്നുള്ള വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷണ ഉത്പന്നങ്ങളിൽ നിന്നുള്ള ലാഭം (രൂപ) |
|---|---|
| 2011-12 | 38,49,874/- |
| 2012-13 | 2,24,89,612/- |
| 2013-14 | 4,56,93,594/- |
| 2014-15, 2014 മെയ് 31 വരെ | 84,97,233/- |

സെക്ഷൻ ഓഫീസർ